# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സഹകരണ നിക്ഷേപക ഗ്രാന്റ് സ്കീം</u>

5326

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപക ഗ്രാന്റ് സ്കീമിൽ ചേരാൻ ഏതെല്ലാം തരം സഹകരണ ബാങ്കുകൾക്കാണ് അർഹതയുള്ളത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് അർഹതയുള്ള എല്ലാ ബാങ്കുകളും സ്കീമിൽ അംഗമായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്കീമിൽ അംഗമാകാൻ എത്ര ബാങ്കുകൾ ബാക്കിയുണ്ട്; വിശദമാക്കുമോ;

(ഡി) ഇവരെ സ്കീമിൽ അംഗമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം</u>

5327 ശ്രീ. കെ. അച്ചുതൻ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തനമേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് ഇതിന് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കുന്നതിന് സംഘങ്ങൾക്കുള്ള സ്വാതന്ത്ര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി സഹകരണ രജിസ്ട്രാറുടെ അനുമതി നിർബന്ധമാക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വായ്പ</u>

5328 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നവർക്ക് സഹകരണ ബാങ്കുകളിൽ നിന്നും പലിശ രഹിത വായ്പ നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര രൂപയാണ് വായ്പയായി നൽകുന്നത് ;

(സി) വായ്പ ലഭിക്കുവാൻ വേണ്ട മാനദണ്ഡം എന്തെല്ലാമാണ്;

(ഡി) പ്രസ്തുത വായ്പ എന്നുമുതൽ അനുവദിക്കുമെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

വനിതാ പട്ടിക ജാതി പട്ടിക വര്‍ഗ്ഗ ഗോത്രവര്‍ഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി

5329 ശ്രീ.ഡൊമിനിക് പ്രസന്റേഷന്‍
,, ജോസഫ് വാഴക്കന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വനിതാ പട്ടികജാതി-പട്ടിക വര്‍ഗ്ഗ ഗോത്ര വര്‍ഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ് വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ ആധുനിക വൽക്കരണം

5330 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും ഫലപ്രദമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സഹകരണ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റിയ നടപടി</u>

5331 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനു വേണ്ടി സഹകരണ സംഘങ്ങളിൽ നിന്ന് ട്രഷറികളിൽ നിക്ഷേപം നടത്തിച്ചതിലൂടെ എത്ര കോടി രൂപയാണ് സമാഹരിച്ചത് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ സംഘങ്ങൾ നിക്ഷേപിച്ച തുകയ്ക്ക് സർക്കാർ എത്ര ശതമാനം പലിശയാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്; നിക്ഷേപക സംഘങ്ങൾ ആവശ്യപ്പെടുന്ന സമയത്ത് തുക തിരിച്ചു കൊടുക്കുവാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത സംഘങ്ങൾ</u>

5332 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ താലൂക്കടിസ്ഥാനത്തിൽ എത്രയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

കാര്‍ഷിക വായ്പ നല്‍കാത്ത സഹകരണ ബാങ്കുകളെ സംബന്ധിച്ച വിവരം

5333 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ ബാങ്കുകളില്‍ നിന്നും വായ്പകള്‍ അനുവദിക്കുന്നത് സംബന്ധിച്ച് ഈ സര്‍ക്കാര്‍ എന്തൊക്കെ ഉത്തരവുകള്‍ ഇറക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ 3 വര്‍ഷത്തിനിടെ സ്വര്‍ണ്ണപ്പണയത്തിന്മേലുള്ള കാര്‍ഷികവവായ്പയല്ലാതെയുള്ള കാര്‍ഷിക വായ്പ നല്‍കാത്ത ഏതെങ്കിലും സഹകരണ ബാങ്കുകള്‍ ഉണ്ടോ എന്നും ഉണ്ടെങ്കില്‍ അത് ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) കര്‍ഷകര്‍ക്ക് കാര്‍ഷിക വായ്പ നല്‍കാത്ത സഹകരണ ബാങ്കുകളുടെ പേരില്‍ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങളും വായ്പയും സംബന്ധിച്ച വിവരം</u>

5334 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെയുള്ള പ്രാഥമിക സഹകരണ ബാങ്കുകൾ/സംഘങ്ങൾ, കാർഷിക സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും 2014 ഏപ്രിൽ 1 വരെ എത്ര തുകയുടെ വായ്പ അനുവദിച്ചിട്ടുണ്ട്;

(ബി) ഓരോ വിഭാഗം ബാങ്കുകളുടെയും ആകെ വായ്പ പ്രത്യേകം വിശദമാക്കുമോ;

(സി) പ്രസ്തുത ബാങ്കുകളിൽ എന്തു നിക്ഷേപമാണ് ഇതു വരെയുള്ളത് ; പ്രത്യേകം വിശദമാക്കാമോ;

(ഡി) ഓരോവിഭാഗം ബാങ്കുകൾക്കും എത്ര വീതം ബ്രാഞ്ചുകളുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ</u>

5335 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മിഷൻ "676"ൽ ഉൾപ്പെടുത്തി ബഹു: സഹകരണ വകുപ്പുമന്ത്രിയുടെ ഭരണചുമതയുള്ള ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്തു തുക ആവശ്യമായി വരുമെന്ന് വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>സഹകരണ സമുച്ചയ നിർമ്മാണ ഫണ്ട്</u>

5336 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് സഹകരണ സമുച്ചയം നിർമ്മാണത്തിന് സഹകരണ സംഘങ്ങളിൽ നിന്ന് സംഭാവന പിരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉത്തരവ് ലഭ്യമാക്കാമോ;

(ബി) സഹകരണ സമുച്ചയ നിർമ്മാണ ഫണ്ടിലേക്ക് സഹകരണ സംഘങ്ങളിൽ നിന്നും ഇതുവരെയായി എത്രരൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ സംഭാവന നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

റിട്ടയർ ചെയ്ത ജീവനക്കാർ സമർപ്പിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

5337 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എത്ര ആഡിറ്റ് റിപ്പോർട്ടുകൾ വിരമിച്ച ജീവനക്കാർ ആഡിറ്റ് നടത്തി സമർപ്പിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ;

(ബി) ഇവരുടെ ബാധ്യത സംബന്ധിച്ച് നിലവിലുള്ള റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ സമർപ്പിക്കുന്ന ആഡിറ്റ് റിപ്പോർട്ടുകളുടെ ഉത്തരവാദിത്വം ആർക്കാണ്; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ ഉത്തരവാദിത്വം റിപ്പോർട്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥന്റെ ചുമതലയിൽപ്പെടുത്തുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

ഓഡിറ്റ് ഫീസ് വര്‍ദ്ധനവ് പിന്‍വലിക്കാന്‍ നടപടി

5338 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്രെഡിറ്റ് സംഘങ്ങളല്ലാത്ത, സേവനം പ്രാധാന്യമുള്ള സംഘങ്ങള്‍ക്ക് ഇപ്പോള്‍ നിശ്ചയിച്ച ഓഡിറ്റ് ഫീസ് വര്‍ദ്ധനവ് കൂടുതലാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഫലത്തില്‍ വരുമാനമില്ലാത്ത ഇത്തരം സംഘങ്ങള്‍ക്ക് നാല്‍പ്പതിനായിരം മുതല്‍ മൂന്ന് ലക്ഷം വരെ ഓഡിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത് കണക്കിലെടുത്ത് പ്രസ്തുത ഓഡിറ്റ് ഫീസ് വര്‍ദ്ധനവ് പിന്‍വലിക്കാന്‍ തയ്യാറാകുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ഫീസ്</u>

5339 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ഫീസ് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഓഡിറ്റ് ഫീസ് വർദ്ധനവിന്റെ ഘടന എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം</u>

5340 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ടോ;

(ബി) ഈ പദ്ധതിയിൽ സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ കീഴിൽ ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

## കുട്ടനാട്ടിലെ കർഷകർക്ക് സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് മുഖേന അനുവദിച്ച തുക

5341 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് മുഖാന്തിരം കാർഷിക വികസന പദ്ധതികൾക്ക് 2013-14 സാമ്പത്തിക വർഷം കുട്ടനാട്ടിലെ എത്ര കർഷകർക്ക് എത്ര രൂപ അനുവദിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) ടി തുക ഏതെല്ലാം മേഖലകളിലാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സഹകരണ വികസന ക്ഷേമ ബോർഡിന്റെ വെബ്സൈറ്റ് പ്രവർത്തനം</u>

5342 ശ്രീ. അൻവർ സാദത്ത്
,, പി.എ. മാധവൻ
,, സണ്ണി ജോസഫ്
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വികസന ക്ഷേമ ബോർഡിന്റെ വെബ്സൈറ്റ് പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം വിവരങ്ങളാണ് വെബ്സൈറ്റ് വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ പ്രവർത്തനവുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

സഹകരണ ബാങ്കുകളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഗ്രാമീണ അദാലത്തുകൾ

5343 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പിന് കീഴിലുള്ള സർവ്വീസ് സഹകരണ ബാങ്കുകളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കുടിശ്ശികക്കാർക്ക് ഇളവുകൾ നൽകുന്നവിധത്തിൽ ഗ്രാമീണ അദാലത്തുകൾ സംഘടിപ്പിക്കുന്നകാര്യം പരിഗണിക്കുമോ; ഇപ്പോൾ ഇത്തരത്തിൽ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് വായ്പ തിരിച്ചടയ്ക്കൽ പദ്ധതി</u>

5344 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത വ്യക്തി മരണപ്പെട്ടതിനു ശേഷം വായ്പാ തുക തിരിച്ചടയ്ക്കാൻ കഴിയാതെ കുടുംബങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരക്കാർക്ക് വായ്പ തിരിച്ചടയ്ക്കാൻ സഹായകരമാകുന്ന രീതിയിൽ നിലവിൽ പദ്ധതികൾ ഉണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ എന്തെല്ലാം പദ്ധതികളാണെന്നുള്ളതിന്റെ വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

കേപ്പ് ജീവനക്കാരുടെ സമരം

5345 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേപ്പ് ജീവനക്കാരുടെ സംഘടനയായ കേപ്പ്(സി.എ.പി.ഇ.)സ്റ്റാഫ് അസോസിയേഷനും സർക്കാരും തമ്മിൽ ജീവനക്കാരുടെ സമരം ഒത്തുതീർപ്പാക്കുന്നതിന് 2012 ഡിസംബറിൽ ചർച്ച നടത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ആയവയിൽ എന്തെല്ലാം തീരുമാനങ്ങൾ നടപ്പാക്കിയെന്നും ബാക്കി തീരുമാനങ്ങൾ നടപ്പാക്കാത്തതിന്റെ കാരണങ്ങൾ എന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ്</u>

5346 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ ജോലി ചെയ്തുവരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്ക് വർഷത്തിൽ എത്ര ദിവസത്തെ പ്രത്യേക കാഷ്വൽ ലീവ് ആണ് അനുവദിക്കുന്നത്;

(ബി) എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്ക് എത്ര ദിവസത്തെ പ്രത്യേക കാഷ്വൽ ലീവ് ആണ് അനുവദിക്കുന്നത് എന്നറിയിയാമോ;

(സി) എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്നതുപോലെ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്കും സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

സാമൂഹ്യനീതി വകുപ്പു സെക്രട്ടറിയുടെ കത്തിന്മേലുള്ള മറുപടി

5347 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പ് സെക്രട്ടറിയുടെ 05.03.2014 ലെ 18399/ഉ1/ ടഖഉ നമ്പർ കത്ത് സഹകരണ വകുപ്പ് തലവന് ലഭിച്ചിട്ടുണ്ടായിരുന്നോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്ക് വിടാൻ നടപടി</u>

5348 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നത് സംബന്ധിച്ച നിയമം/സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഇത് നിലവിൽ വന്നത് എപ്പോഴാണെന്ന് അറിയിക്കുമോ ;

(ബി) ഇതനുസരിച്ച് സഹകരണ അപ്പക്സ് സ്ഥാപനങ്ങൾ സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയത് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ;

(സി) ഈ വിഷയത്തിൽ സർക്കാരിന്റെ നയപരമായ നിലപാട് വിശദമാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ സ്പെഷ്യൽ റൂൾസ് പ്രാവർത്തികമാക്കാനും നടപ്പാക്കാനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ പുതിയ ബ്രാഞ്ചുകളും ഒഴിവുകളും</u>

5349 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിനു കീഴിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ ആകെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലാ സഹകരണബാങ്ക് പുതിയതായി ബ്രാഞ്ചുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ബ്രാഞ്ചുകൾ തുടങ്ങുന്നതെന്നും എന്നത്തേക്ക് പ്രവർത്തനമാരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

ബി.കോം (കോ-ഓപ്പറേഷൻ), ജെ.ഡി.സി.യ്ക്ക് തുല്യമാക്കിയുള്ള സ്പെഷ്യൽ റൂൾ പരിഷ്കരണം

5350 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിൽ ജെ.ഡി.സി. ഇല്ല എന്ന കാരണത്താൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത എത്ര ജീവനക്കാരുണ്ട്; ഇവരിൽ ബികോം (കോ-ഓപ്പറേഷൻ) ബിരുദമുളളവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കാമോ;

(ബി) ബി.കോം (കോ-ഓപ്പറേഷൻ) ജെ.ഡി.സിയ്ക്ക് തുല്യമായി സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) ബി.കോം (കോ-ഓപ്പറേഷൻ) ജെ.ഡി.സി.യ്ക്കു തുല്യമാക്കി സഹകരണ വകുപ്പിലെ സ്പെഷ്യൽ റൂൾ പരിഷ്കരണം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര മണ്ഡലത്തിലെ ത്രിവേണി സ്റ്റോറുകളുടെയും നന്മ സ്റ്റോറുകളുടെയും പ്രവർത്തനം</u>

5351 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന ത്രിവേണി സ്റ്റോറുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത സ്റ്റോറുകളിലെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിറ്റു വരവിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന നന്മ സ്റ്റോറുകൾ ഏതെല്ലാമാണ്;

(ഡി) പ്രസ്തുത സ്റ്റോറുകളിലെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിറ്റുവരവിന്റെ കണക്ക് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ</u>

5352 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ എവിടെയെല്ലാം ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പുതുതായി ത്രിവേണി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>ത്രിവേണി സ്റ്റോറുകളുടെ ലാഭം</u>

5353 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ത്രിവേണി സ്റ്റോറുകളുടെ 2013-14 -ലെ ലാഭം മുൻ വർഷത്തേക്കാൾ എത്രയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പരവൂർ ത്രിവേണി സ്റ്റോറിന്റെ പ്രവർത്തനം</u>

5354

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ കൺസ്യൂമർ ഫെഡിന്റെ ചുമതലയിൽ ത്രിവേണി സ്റ്റോർ ആരംഭിച്ചത് എന്നാണ്; ഈ സ്ഥാപനത്തിലെ വിറ്റുവരവ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഈ സ്ഥാപനത്തിൽ നിന്നും സബ്സിഡി നിരക്കിൽ നൽകേണ്ടുന്ന സാധനങ്ങൾ പരിമിതപ്പെടുത്തി പൊതുജനങ്ങൾക്ക് പ്രയോജനകരമല്ലാത്തവിധമാക്കി ത്രിവേണി സ്റ്റോർ അടച്ചുപൂട്ടുവാൻ അധികാരികൾ ശ്രമിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ ഈ സ്ഥാപനം പരവൂർ നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനം എന്നത്തേക്ക് പ്രവർത്തനം പുനരാരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>നന്മ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

5355 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ
,, എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നന്മ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയനുസരിച്ച് എത്രയിനം അവശ്യസാധനങ്ങളാണ് വിതരണം ചെയ്യുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയനുസരിച്ച് എത്ര വിൽപ്പന കേന്ദ്രങ്ങളും കൺസ്യൂമർ യൂണിറ്റുകളും ഉത്സവകാല ചന്തകളും ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തുന്നത് ആരുടെ നേതൃത്വത്തിലാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) എന്തെല്ലാം ധനസഹായമാണ് പദ്ധതി നടത്തിപ്പിന് ലഭിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>നന്മ സ്റ്റോറുകളുമായി ബന്ധപ്പെട്ട് ആരംഭിച്ച പാക്കിംഗ് സെന്ററുകളും ഗോഡൗണുകളും</u>

5356 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര നന്മ സ്റ്റോറുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) നന്മ സ്റ്റോറുകൾ ആരംഭിച്ചതുമായി ബന്ധപ്പെട്ട് പുതുതായി എത്ര ഗോഡൗണുകളും പാക്കിംഗ് സെന്ററുകളും ആരംഭിച്ചുവെന്നും, ആയത് എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) ഇവിടങ്ങളിലായി പുതുതായി എത്രപേരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

'നന്മ' സ്റ്റോറുകളുടെ വാടക

5357 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നന്മ' സ്റ്റോറുകളുടെ ആദ്യത്തെ രണ്ട് വർഷത്തെ വാടക പഞ്ചായത്തോ സഹകരണ സംഘമോ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) തുടർന്നുള്ള വർഷങ്ങളിൽ ആരാണ് വാടക നൽകേണ്ടത്; വാടകയുടെ മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

നീതി സ്റ്റോറുകൾ

5358 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര നീതി സ്റ്റോറുകൾ, ഗോഡൗണുകൾ എന്നിവ ഉണ്ടായിരുന്നുവെന്നും ഇപ്പോഴത്തെ എണ്ണം എത്രയാണെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കൊണ്ടോട്ടിയിലെ നീതി മെഡിക്കൽ ഷോപ്പിന്റെ പ്രവർത്തനം</u>

5359 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള ഒരു നീതി മെഡിക്കൽ ഷോപ്പ് കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഈയിടെയായി അതിന്റെ പ്രവർത്തനം നിലച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഷോപ്പിൽ ഷോർട്ട്സർക്യൂട്ട് മൂലമുള്ള അപകടം എന്നാണ് ഉണ്ടായത്; ഇതുമൂലം എത്ര നഷ്ടം ഉണ്ടായി;

(ഡി) പ്രസ്തുത സ്ഥാപനം വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിന്റെ കാലവിളംബം എന്താണെന്നും, എന്നത്തേക്ക് തുറന്ന് പ്രവർത്തിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>ഖാദി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ</u>

5360 ശ്രീ. പാലോട് രവി
,, പി. എ. മാധവൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എത്ര പേർക്ക് തൊഴിൽ നൽകാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വിദേശങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്ന ഖാദി ഗ്രാമവ്യവസായ ഉല്പന്നങ്ങൾ</u>

5361 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളിൽ നിന്ന് എന്തെല്ലാം ഉൽപ്പന്നങ്ങൾ വിദേശങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കയറ്റുമതി നടത്തുന്നത്;

(സി) ഖാദി ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

ഗ്രാമവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്
കേന്ദ്ര-സംസ്ഥാന ഖാദി ഗ്രാമ വ്യവസായ
ബോർഡുകളുടെ പ്രവർത്തനങ്ങൾ

5362 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കേന്ദ്ര-സംസ്ഥാന ഖാദി ഗ്രാമവ്യവസായ ബോർഡുകൾ എന്തൊക്കെ കാര്യങ്ങൾ ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) രണ്ട് വർഷത്തിനിടെ സംസ്ഥാനത്ത് ഇത്തരം വ്യവസായങ്ങൾക്ക് സബ്സിഡി ഇനത്തിലും മറ്റുമായി എത്ര കോടി രൂപ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ഖാദി ഉല്പാദനവും ഉല്പാദനക്ഷമതയും</u>

5363 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി വ്യവസായവുമായി ബന്ധപ്പെട്ട് എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് സ്ഥാപനം അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) 2012-13, 2013-14 വർഷങ്ങളിലെ സംസ്ഥാനത്തെ ഖാദി ഉല്പാദനത്തിന്റെയും വിപണനത്തിന്റെയും കണക്ക് വ്യക്തമാക്കുമോ;

(സി) ഖാദി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>പല്ലാരിമംഗലം ഖാദി ഗ്രാമസൗഭാഗ്യ സംഘത്തിന്റെ കെട്ടിടത്തിന് ഭരണാനുമതി</u>

5364 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ പല്ലാരിമംഗലം ഖാദി ഗ്രാമസൗഭാഗ്യ സംഘത്തിന് ഖാദിഗ്രാമ വ്യവസായവകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ ഖാദി സംഘത്തിന് എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രവൃത്തിക്ക് ഖാദി ഗ്രാമവ്യവസായ വകുപ്പ് ഭരണാനുമതി നൽകിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ഡി) ഭരണാനുമതി ലഭിക്കാത്തതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ;

(ഇ) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?